Deivarajyam March 2019
●R.N.7623/63
Registered No. KL/ALY/0020/2017-2019 ●R.N. 7623/1963
Date of publication: 1/3/2019
●Posted at Thodupuzha Stg.
Annual Subscription ₹ 100.00



Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

മാർച്ച് 2019 വാല്യം 58 ലക്കം 3

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ







2019 ഫെബ്രുവരി 5 ന് കൂദാശ ചെയ്ത പഴമ്പിള്ളിച്ചാൽ
സെന്റ് മേരീസ് ദൈവാലയം





# രൂപത
# പ്രാർത്ഥനാദിനം:
# മുതലക്കോടം






രൂപത ബൈബിൾ കൺവൻഷൻ 2019






രൂപത ബൈബിൾ കൺവൻഷൻ 2019










# ദൈവരാജ്യം





*Patron*
Mar George Madathikandathil
Bishop of Kothamangalam

*Editor*
Rev. Fr. Jose Pulloppillil

*Printer & Publisher*
Rev. Dr. George Thekkekara

വാല്യം 58
മാർച്ച് 2019
ലക്കം 3



The Eparchial Curia
Bishop's House, P.B. No. 6
Kothamangalam - 686 691
Mob: 8281946306
bishophouseklm@gmail.com


## ഉള്ളടക്കം


7 രൂപതക്കച്ചേരി
10 മൈനർ സെമിനാരി
12 വിജ്ഞാനഭവൻ
14 വിദ്യാഭ്യാസം
16 സോഷ്യൽ സർവീസ്
16 തിരുബാലസഖ്യം
16 ചെറുപുഷ്പ മിഷൻലീഗ്
17 ഫാമിലി അപ്പോസ്റ്റലേറ്റ്
18 മാതൃവേദി
20 ഡി. സി. എം. എസ്.
21 ഡി. എഫ്. സി.
22 യുവദീപ്തി
23 ജീസസ് യൂത്ത്
23 എ. കെ. സി. സി.
24 അല്മായഫ്രാൻസിസ്കൻ സഭ
25 പ്രാർത്ഥനാഗ്രൂപ്പ്
26 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
27 കേരള ലേബർ മൂവ്മെന്റ്
28 നെസ്റ്റ് പ്രോഗ്രാം
28 തിരുനാൾ മംഗളങ്ങൾ
30 രൂപതാദ്ധ്യക്ഷന്റെ ഡയറി
33 Bishop's Engagements
34 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
34 നിര്യാതരായി




## പള്ളിയിൽ അറിയിക്കുവാൻ

### മാർച്ച്


| | Page |
|---|---|
| മലേക്കുരിശ് തീർത്ഥാടനം | 7 |
| രൂപതാ പ്രാർത്ഥനാദിനം | 7 |
| ദൈവവിളി ക്യാമ്പ് | 10 |
| വിശ്വാസോത്സവം | 12 |
| രണ്ടാം സെമസ്റ്റർ പരീക്ഷ | 12 |

## തിരുനാളുകൾ




01 സകല മരിച്ചവരുടെ ഓർമ്മ

18 ജറുസലെമിലെ വി. സിറിൾ






19 വി. യൗസേപ്പിതാവ്

25 മംഗലവാർത്ത തിരുനാൾ



# രൂപതക്കച്ചേരി

*C. 24/2019* **അജപാലന സന്ദർശനം**

| | | |
|---|---|---|
| 2019 മാർച്ച് 3 | - | നെയ്യശ്ശേരി |
| 2019 മാർച്ച് 10 | - | പരീക്കണ്ണി |
| 2019 മാർച്ച് 17 | - | മലയിഞ്ചി |
| 2019 മാർച്ച് 24 | - | പരിശക്കല്ല് |
| 2019 മാർച്ച് 24 | - | പഴമ്പിള്ളിച്ചാൽ |
| 2019 മാർച്ച് 31 | - | ഇഞ്ചത്തൊട്ടി |
| 2019 ഏപ്രിൽ 7 | - | രാജഗിരി (വെള്ളൾ) |

*Bishop*

*C.25 /2019* **മലേക്കുരിശ് തീർത്ഥാടനം**

നമ്മുടെ രൂപതയിലെ പൗരാണികമായ ആരക്കുഴ-മലേക്കുരിശിലേയ്ക്കുള്ള തീർത്ഥാടനത്തിനും മലകയറ്റത്തിനും രണ്ടര നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. ലോകമെമ്പാടും ക്രൈസ്തവർ പീഡിപ്പിക്കപ്പെടുകയും ക്രിസ്തീയ വിശ്വാസം ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ വലിയ നോമ്പിനോടനുബന്ധിച്ച് രൂപതാകുടുംബം ഒരുമിച്ച് മലകയറുന്നതും, പ്രാർത്ഥിക്കുന്നതും അനുഗ്രഹപ്രദമാണ്. 2019 മാർച്ച് 8-ാം തീയതി വെള്ളിയാഴ്ച രൂപതാതലത്തിൽ ആരക്കുഴ-മലേക്കുരിശ് തീർത്ഥാടനം നടത്തുവാൻ ആഗ്രഹിക്കുകയാണ്. അന്നേ ദിവസം രാവിലെ 8.30-ന് മൂവാറ്റുപുഴ ഹോളി മാഗി ദൈവാലയത്തിൽ നിന്നും കാൽനടയായി മലേക്കുരിശിലേക്ക് തീർത്ഥാടനം നടത്തുന്നതും തുടർന്ന് മലമുകളിൽ വി. ബലി അർപ്പിച്ച് പ്രാർത്ഥിക്കുന്നതുമാണ്. ഇക്കാര്യം ബഹു. വികാരിയച്ചന്മാർ ഇടവകകളിൽ അറിയിച്ച് കഴിയുന്നത്ര വിശ്വാസികളെ ഇതിൽ പങ്കുചേരുവാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

*Bishop*

*C. 26 /2019* **വാർഷിക റിപ്പോർട്ട്**

പള്ളി, മഠം, ആശ്രമം, മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ വാർഷിക റിപ്പോർട്ട് രൂപതക്കച്ചേരിയിൽ ഇനിയും എത്തിച്ചിട്ടില്ലാത്തവർ എത്രയും വേഗം അത് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

*Syncellus*

*C. 27/2019* **രൂപതാ പ്രാർത്ഥനാദിനം**

മാർച്ച് മാസത്തിലെ രൂപതാ പ്രാർത്ഥനാദിനം മൈലക്കൊമ്പ്





സെന്റ് തോമസ് ഫൊറോന പള്ളിയിൽ വച്ച് മാർച്ച് 22-ാം തീയതി വെള്ളിയാഴ്ച നടത്തുന്നു. രാവിലെ 6.30-ന് വി. കുർബാനയോടുകൂടി ആരാധന ആരംഭിക്കുന്നതും വൈകിട്ട് 3.30 pm മുതൽ 4.30 pm വരെ പൊതു ആരാധനയോടെ അവസാനിക്കുന്നതുമാണ്. 4.30 pm-ന് അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സമൂഹബലി അർപ്പണത്തോടെ പ്രാർത്ഥനാദിനം സമാപിക്കും.

*Protosyncellus*

*C. 28/2019* **Intimation for the remittance of *Thirattu Fee* and *Other Amounts* for the financial year 2018-19**

This is to intimate the amounts to be remitted from your Parish for the Financial year 2018-19. If the amount is Rs.10, 000 or more, the remittance is to be made by **Cheques** of any of the **Scheduled banks**/ **Nationalised banks**.

**(Cheques of Co-operative Banks / Societies are not acceptable)**

**The amounts to be remitted are given below:**

1. For the following items, one cheque each to be drawn in favour of **"Bishop's House Kothamangalam."**
   a. Thirattu Fee
   b. Contribution to Clergy Relief Fund
2. For the following items, one cheque each to be drawn in favour of **"Diocese of Kothamangalam."**
   a. Contribution to Diocese
   b. Sabhadhinam (July 3) Collection
   c. Syro - Malabar Mission Sunday Collection

Besides the above amounts, **Rs. 250** is to be paid in **cash** for Directory, Deivarajyam, Panchangam and **Rs.14500 per priest** for PWA contribution in **cash** (**Rs.7200** as contribution of the Church and **Rs.7300** as personal contribution of the Priest).

Please pay the above referred amounts before **30. 03. 2019**.

*Procurator*

*C. 29/2019* **2018-19 സാമ്പത്തിക വർഷത്തെ കണക്കുകളുടെ ഓഡിറ്റിംഗ്**

2018-19 വർഷത്തെ കണക്കുകൾ ഏപ്രിൽ 15 നകം കംപ്യൂട്ടറിൽ

തയ്യാറാക്കേണ്ടതാണ്. 2019 ഏപ്രിൽ 15 ന് ശേഷം ഓഡിറ്ററുടെ സൗകര്യ മനുസരിച്ച് ഓഡിറ്റിംഗ് സ്ഥലവും തീയതിയും മുൻകൂട്ടി അറിയിക്കുന്നതാണ്. ബഹു. വികാരിയച്ചനും കൈക്കാരന്മാരും അക്കൗണ്ടന്റും താഴെ പറയുന്ന രേഖകൾ സഹിതം അന്നേ ദിവസം ഓഡിറ്റിംഗിനായി വരേണ്ടതാണ്.

1. നാൾവഴി (Cash Book - Bound Computer Copy)
2. പേരേട് (Ledger - Bound Computer Copy)
3. ട്രയൽ ബാലൻസ് (Trial Balance - Bound Computer Copy)
4. 2018 – 2019 ലെ ബിൽസ് & വൗച്ചേഴ്സ് (Bills & Vouchers)
5. സ്ഥിരനിക്ഷേപ രസീതുകളുടെ കോപ്പി (കാലാവധി കഴിഞ്ഞതാണെങ്കിൽ പുതുക്കിയത്)
6. ബാങ്കിലെ S.B നിക്ഷേപങ്ങളുടെ ബാലൻസ് കൺഫർമേഷൻ സർട്ടിഫിക്കറ്റ് (മാർച്ച് 31 പ്രകാരം, മാനേജർ സാക്ഷ്യപ്പെടുത്തിയത്)
7. 2017 – 2018 ലെ ഓഡിറ്റ് സ്റ്റേറ്റുമെന്റുകളുടെ കോപ്പി

**NB**: പൊതു ഓഡിറ്റിംഗിൽ പങ്കെടുക്കുവാൻ അസൗകര്യമുണ്ടാകുന്ന പള്ളികൾ കാപ്പൻ സാറിന്റെ ഓഫീസുമായി ബന്ധപ്പെട്ട് **15. 06. 2019** ന് മുമ്പായി ഓഡിറ്റിംഗ് നടത്തേണ്ടതാണ്.

*C. 30/2019* **തിരട്ട് രൂപതാകേന്ദ്രത്തിൽ നൽകുമ്പോൾ ഹാജരാക്കേണ്ടവ**

1. തിരട്ട് ബുക്ക് (Thirattu Book)
2. നാൾവഴി (Cash Book - Bound Computer Copy)
3. പേരേട് (Ledger - Bound Computer Copy)
4. ഓഡിറ്റ് റിപ്പോർട്ട് (Audit Report)
5. 201819 ലെ കണക്ക് കംപ്യൂട്ടറിൽ ചെയ്ത പ്രോഗ്രാമിന്റെ ഒരു കോപ്പി സി. ഡി./പെൻഡ്രൈവിൽ തരേണ്ടതാണ്. (master.mdb file)

**NB**: 1. ആത്മകാര്യം ഉള്ള പള്ളികൾ ടി ഇനം തിരട്ട് ഹാജരാക്കേണ്ടതാണ്.

2. ഓഡിറ്റിംഗിനു ശേഷമാണ് കണക്കുകൾ ഹാജരാക്കേണ്ടത്.
3. തിരട്ട് തയ്യാറാക്കുമ്പോൾ പൊതുയോഗ തീരുമാനം, പുതിയ കൈക്കാരന്മാരുടെ പേര്, തിരട്ടിനം നൽകിയ തുക, നടപ്പു സാമ്പത്തിക വർഷത്തെ (2018–19) കണക്കുകൾ പൊതുയോഗത്തിൽ അവതരിപ്പിച്ച് പാസാക്കിയത് etc. ചേർത്തിരിക്കേണ്ടതും തിരട്ടിന്റെ അവസാനഭാഗത്ത് ബഹു. വികാരിയും കൈക്കാരന്മാരും പൊതുയോഗാംഗങ്ങളും പേരെഴുതി ഒപ്പ്വയ്ക്കേണ്ടതുമാണ്.





NB: Helpline: Account Office (Baby Sir: 9447773176)
Kappen's Office: 04862 224416, 04862 227088

*C. 31/2019* **മെഡിക്കൽ ബിൽ**

ബഹു. വൈദികരുടെ 2018–19 ലെ മെഡിക്കൽ ബില്ലുകൾ 2019 മാർച്ച് 25 ന് മുമ്പായി നല്കേണ്ടതാണ്. ₹ 10000 ന് മുകളിലുള്ള മെഡിക്കൽ ബില്ലുകളോടൊപ്പം ബഹു. വൈദികന്റെ Account Name, Account No., Name of the Bank, Branch, IFSC Code എന്നിവകൂടി തരുമല്ലോ.

*Procurator*

*C. 32/2019*

തിരട്ടുകണക്കുകൾ കംപ്യൂട്ടറിൽ എൻട്രി നടത്തി കൃത്യമായി ചെയ്യുവാൻ കഴിവുള്ള വ്യക്തികളുടെ പേര്, വീട്ടുപേര്, സ്ഥലം, മൊബൈൽ നമ്പർ എന്നിവ മാർച്ച് 15-ന് മുമ്പായി പ്രൊക്യുറേറ്ററെ അറിയിച്ചാൽ ഉപകാരമായിരുന്നു.

*Procurator*

*PC.1/2019* **Meeting of the Pastoral Council**

An Extra ordinary meeting of the Pastoral Council will be held on **Monday 4th March 2019 from 10.30 am to 1.00 pm** at the NESTT Muvatupzuha. The members are cordially invited.

*Secretary*

## മൈനർ സെമിനാരി

*MS 7/2019* **ദൈവവിളി ക്യാമ്പ്**

രൂപതാ മൈനർ സെമിനാരിയിൽ ചേർന്നു വൈദികപരിശീലനം നേടാൻ ആഗ്രഹിക്കുന്നവർക്കായി ദൈവവിളി ക്യാമ്പ് നടത്തുന്നു. 2019 മാർച്ച് 30-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് ഏപ്രിൽ 1-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് ക്യാമ്പ് അവസാനിക്കും. SSLC, Plus Two പരീക്ഷകൾ എഴുതിയിരിക്കുന്നവരും ഉപരിവിദ്യാഭ്യാസയോഗ്യതയുള്ളവരുമായ അനുയോജ്യരായ കുട്ടികളെ ആണ് ഈ ക്യാമ്പിൽ പ്രതീക്ഷിക്കുന്നത്. ഏപ്രിൽ 1-നാണ് ഇന്റർവ്യൂ. അനുയോജ്യരായ കുട്ടികളെ ബഹു. വികാരിയച്ചന്മാർ പ്രോത്സാഹിപ്പിച്ചു കത്തുനൽകി പറഞ്ഞയയ്ക്കുമല്ലോ. ദൈവവിളി പ്രോത്സാഹനത്തിന് നല്കുന്ന സഹകരണത്തിന് ബഹു. അച്ചന്മാർക്ക് സ്നേഹപൂർവം നന്ദി.

NB: ക്യാമ്പിൽ പങ്കെടുക്കുന്നവർ നോട്ട്ബുക്ക്, പേന, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്.

*MS 8/2019* **അവധിക്കാല ധ്യാനം**

നമ്മുടെ ദൈവശാസ്ത്ര സെമിനാരി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ യു.പി., ഹൈസ്കൂൾ, ഹയർസെക്കന്ററി, വിദ്യാർത്ഥികൾക്കായി ധ്യാനവും ക്യാമ്പുകളും നടത്താൻ ടീമുകൾ സജ്ജമായിട്ടുണ്ട്. ഏപ്രിൽ 5 മുതൽ മെയ് 26 വരെയുള്ള തീയതികളിലായിരിക്കും കൂടുതൽ സൗകര്യം. ബഹു. വികാരിയച്ചന്മാർ മൈനർ സെമിനാരിയുമായി ബന്ധപ്പെടുമല്ലോ.

*MS 9/2019* **Benefactor's Day**

മൈനർ സെമിനാരിയുടെ ഉപകാരികളുടെ സംഗമം ജനുവരി 26-ാം തീയതി നടന്നു. രാവിലെ 10.00-ന് ഇക്കൊല്ലം രൂപതയ്ക്കുവേണ്ടി അഭിഷിക്തരായ വൈദികരുടെ സമൂഹബലിയോടെ Benefactor's Day ആരംഭിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അദ്ധ്യക്ഷത വഹിച്ചു. റെക്ടർ ഫാ. ജോസഫ് അത്തിക്കൽ ഏവരേയും സ്വാഗതം ചെയ്യുകയും സെമിനാരിയുടെ ദൈനംദിന പ്രവർത്തനങ്ങളെക്കുറിച്ചും വരവു ചെലവുകളെ സംബന്ധിച്ചും വ്യക്തമായ ചിത്രം നൽകുകയും ചെയ്തു. തുടർന്ന് അഭിവന്ദ്യ പിതാവ് ഉപകാരികൾ ചെയ്യുന്ന വലിയ സേവനത്തിന് രൂപതയുടെ നാമത്തിൽ നന്ദി അറിയിച്ചു. ബഹു. അച്ചന്മാരും വിവിധ സന്യാസിനീ സഭകളിലെ പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ് അടക്കമുള്ള ബഹു. സിസ്റ്റേഴ്സും അല്മായ സഹോദരീസഹോദരന്മാരുമുൾപ്പെടെ 70-ഓളം പേർ സംഗമത്തിൽ പങ്കെടുത്തു. ഉച്ചഭക്ഷണത്തോടെ ചടങ്ങുകൾ സമാപിച്ചു.

*MS 10/2019* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | St. Thomas Moore Church, Alakode | ₹ | 25000 |
| 2 | Nirmala Matha Church, Muvattupuzha East | ₹ | 40000 |
| 3 | Lillykutty Joseph Thadikatt, Arakuzha | ₹ | 100000 |
| 4 | One Benefactor | ₹ | 2000 |
| 5 | O. V. Varkeykunju Oliapuram, Cathedral | ₹ | 10000 |
| 6 | Sherly Jose Kozhuppathadam, Muthalakodam | ₹ | 25000 |
| 7 | Jose Nedungattu, Vazhakulam | ₹ | 40000 |
| 8 | Saju Athickal, Cathedral | ₹ | 10000 |
| 9 | Sr. Rosily Nellikunnel SABS | ₹ | 4000 |
| 10 | SABS Provincial House, Todupuzha | ₹ | 50000 |
| 11 | George Karimbadakuzhy, Marika | ₹ | 10000 |





| | | | |
|---|---|---|---|
| 12 | Baby Parathattel, Marika | ₹ | 2000 |
| 13 | Devasiachan Plathottam, Ezhalloor | ₹ | 5000 |
| 14 | Mary Thailayil, Marika | ₹ | 20000 |
| 15 | A.J. Joseph Arackal, Arikuzha | ₹ | 5000 |
| 16 | Martin A.S. Adakanattu, Anicadu | ₹ | 20000 |
| 17 | John Tharian Elenjickal, Inchoor | ₹ | 10000 |
| 18 | George Peter Parankimyalil, Nellimattom | ₹ | 5000 |
| 19 | Mathews Edattu, Anicadu | ₹ | 25000 |

*Rector*

## വിജ്ഞാനഭവൻ

*V. 15/2019* **ടീച്ചേഴ്സ് സെമിനാർ**

മാർച്ച് 10 ഞായർ : വാഴക്കുളം, മൂവാറ്റുപുഴ, ആരക്കുഴ ഫൊറോനകൾ

സ്ഥലം : മൂവാറ്റുപുഴ നെസ്റ്റ്, സമയം : 9.30 മുതൽ 3.30 വരെ.

*V.16/2019* **വിശ്വാസോത്സവം - ഏപ്രിൽ 1-4**

ഈ അദ്ധ്യയനവർഷത്തെ വിശ്വാസോത്സവം ഏപ്രിൽ 1 മുതൽ 4 വരെ നടത്തേണ്ടതാണ്. വിശ്വാസോത്സവം 4 ദിവസങ്ങളിലും രാവിലെ 9.00 മണി മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തേണ്ടതാണ്.

*V. 17/2019* **വിശ്വാസോത്സവം: വർക്ക് ബുക്ക് വിതരണം**

വിശ്വാസോത്സവത്തിനുള്ള വർക്ക് ബുക്കുകളുടെ വിതരണം വിജ്ഞാനഭവൻ ഓഫീസിൽ നിന്നും മാർച്ച് 10-ാം തീയതി മുതൽ ആരംഭിക്കുന്നു. **വില 40 രൂപയാണ്. പുസ്തക വിതരണം ആരംഭിച്ചു എന്ന് ഉറപ്പുവരുത്തിയതിനുശേഷം പുസ്തകം വാങ്ങാൻ വരിക.** അദ്ധ്യാപകർക്ക് വേണ്ടത്ര പരിശീലനവും പരിചയവും ലഭിക്കുന്നതിന് വേണ്ടി വർക്ക് ബുക്കുകൾ എത്രയും നേരത്തെ കൊണ്ടുപോകുവാൻ ബഹു. ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ. നേരത്തേ തന്നിരുന്ന ഓർഡർ അനുസരിച്ചാണ് വർക്കുബുക്കുകൾ കൊണ്ടുപോകേണ്ടത്.

*V. 18/2019* **രണ്ടാം സെമസ്റ്റർ പരീക്ഷ**

**ഏപ്രിൽ 6 ശനി**

Std - I - IX - 9.00 am - 11.00 am

X, XI, XII - 11.00 am - 01.00 pm

1. ചോദ്യപേപ്പറുകൾ ഏപ്രിൽ 5-ാം തീയതി മേഖലാകേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.

2. പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്.
3. 10, 12 ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തിയ പരീക്ഷാപേപ്പറും മാർക്ക് ലിസ്റ്റും ഇന്റേണൽ അസെസ്സ്മെന്റ് മാർക്കും (രൂപതാകേന്ദ്രത്തിൽ നിന്നും തന്നിരിക്കുന്ന ഫോമിലും B ഫോമിലും എഴുതുക.) രൂപതാകേന്ദ്രത്തിൽ ഏപ്രിൽ 23-ാം തീയതിക്ക് മുമ്പായി എത്തിക്കുക. (മേഖലാകേന്ദ്രത്തിൽ ഏപ്രിൽ 23-ാം തീയതി മാത്രമേ എത്തിക്കാവൂ.)
4 മെയ് 2 വ്യാഴം റിസൽട്ട്, സർട്ടിഫിക്കറ്റ് ബുക്ക് വിതരണം മെയ് 20 ന് അവസാനിക്കുന്നതാണ്.

NB: ഒന്ന്, രണ്ട് ക്ലാസ്സുകളിൽ ചോദ്യപരീക്ഷ ആയിരിക്കും.

*V. 19/2019* **SAY EXAM- X, XII**

**രജിസ്ട്രേഷൻ : 2019 മെയ് 2 മുതൽ 11 വരെ.**

**പരീക്ഷ : മെയ് 19 ഞായർ**

സമയം : 11.00 am - 01.00 pm

**റിസൽട്ട്, സർട്ടിഫിക്കറ്റ് ബുക്ക് വിതരണം : മെയ് 27**

- അതാത് ഇടവകകളിൽ തന്നെയാണ് SAY Exam നടത്തേണ്ടത്.
- ചോദ്യപേപ്പറുകൾ മെയ് 18-ാം തീയതി ശനിയാഴ്ച മേഖലാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
- മൂല്യനിർണ്ണയം നടത്തിയ പരീക്ഷാ പേപ്പറുകൾ മെയ് 25-ന് മുമ്പ് **രൂപതാകേന്ദ്രത്തിൽ** എത്തിക്കണം.

*V. 20/2019* **സ്കോളർഷിപ്പ് പരീക്ഷ**

തീയതി : ഏപ്രിൽ 9 ചൊവ്വ

സമയം : 10.30 - 12.30

**പരീക്ഷാകേന്ദ്രങ്ങൾ**

| | | |
|---|---|---|
| Kothamangalam | - | SAGHS |
| Muvattupuzha | - | Nirmala High School (State) |
| Vazhakulam | - | Little Theresa's GHS |
| Thodupuzha | - | St. Sebastian's UPS |
| Muthalakodam | - | SHGHS |
| Karimannoor | - | Holy Family LPS |
| Paingottoor | - | St. Joseph’s HSS |

രജിസ്റ്റർ നമ്പർ എഴുതിയ B ലിസ്റ്റും ഹാൾടിക്കറ്റും ഏപ്രിൽ 6-ാം തീയതിയിലെ പരീക്ഷാ പേപ്പറിന്റെ കൂടെ ഉണ്ടായിരിക്കുന്നതാണ്.





*V.21/2019* **12-ാം ക്ലാസ്സിലെ കുട്ടികൾക്ക് യാത്രയയപ്പ്**

വിശ്വാസോത്സവത്തിന്റെ അവസാനദിവസത്തെ വി. കുർബാന 12-ാം ക്ലാസ്സിലെ കുട്ടികൾക്കായി പ്രത്യേകം അർപ്പിക്കുകയും അവർക്ക് യാത്രയയപ്പ് നൽകുകയും ചെയ്യുന്നത് ഉചിതമായിരിക്കും. സാധിക്കുമെങ്കിൽ മാതാപിതാക്കളെയും സംബന്ധിപ്പിക്കേണ്ടതാണ്.

*V. 22/2019* **ക്യാറ്റക്കെറ്റിക്കൽ കമ്മിറ്റി : ഏപ്രിൽ 10, ബുധൻ**

നടപ്പുവർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്നതിനും അടുത്ത അദ്ധ്യയന വർഷത്തിലെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും വേണ്ടി, രൂപതാ ക്യാറ്റക്കെറ്റിക്കൽ കമ്മിറ്റിയുടെ മീറ്റിംഗ് ബിഷപ്സ് ഹൗസിൽ വച്ച് 2019 ഏപ്രിൽ 10-ാം തീയതി ബുധനാഴ്ച 10.30 am-ന് നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു. എല്ലാ അംഗങ്ങളും പങ്കെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. **കത്ത് കിട്ടാത്തവർ ഇതൊരറിയിപ്പായി കണക്കാക്കുമല്ലോ.**

*V. 23/2019* **ആദ്യകുർബാനപുസ്തകം**

ആദ്യകുർബാനയ്ക്ക് ഒരുക്കത്തിനായുള്ള പുസ്തകം (രൂപതയുടെ പുസ്തകം) വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. ക്ലാസ് തുടങ്ങുമ്പോൾ ഈ പുസ്തകം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു. ചെറിയവേദോപദേശം, പോക്കറ്റ് ബൈബിൾ, കുർബാന പുസ്തകം, കൊന്ത, വെന്തിങ്ങ മുതലായവയും ലഭ്യമാണ്.

*Director*

## കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 6/2019* **യാത്രയയപ്പ്, അവാർഡുദാനം,**

**തീയതി** - 30-03-2019

**സമയം** - 10.00 am

**സ്ഥലം** - NESTT, മൂവാറ്റുപുഴ

ഈ വർഷം സർവീസിൽ നിന്നും വിരമിക്കുന്ന എല്ലാ അദ്ധ്യാപക അനദ്ധ്യാപകരെയും പ്രധാന അദ്ധ്യാപകരെയും ഈ മീറ്റിംഗിലേക്ക് സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു. 2018-2019 അദ്ധ്യയനവർഷത്തിൽ രൂപതാതലത്തിൽ നടത്തിയ Catechism/Moral Science മത്സര പരീക്ഷയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ കുട്ടികൾക്ക് അഭിവന്ദ്യപിതാവ് സമ്മാനങ്ങൾ നൽകുന്നതായിരിക്കും. രൂപതയിലെ മികച്ച സ്കൂളുകൾക്കും അദ്ധ്യാപക-അനദ്ധ്യാപകർക്കുമുള്ള അവാർഡുകളും

ഈ സമ്മേളനത്തിൽ വച്ചു നൽകുന്നതാണ്.

*Edn.7/2019* **ശ്രീ. ജോസ് പിട്ടാപ്പിള്ളിൽ സ്കോളർഷിപ്പ്**

കോതമംഗലം രൂപതാവിദ്യാഭ്യാസ ഓഫീസിൽ 42 വർഷം സെക്രട്ടറിയായി സേവനം ചെയ്തിരുന്ന ശ്രീ. ജോസ് പിട്ടാപ്പിള്ളിയുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പിന് 2017-18 അദ്ധ്യയനവർഷം അർഹയായിരിക്കുന്നത് മുതലക്കോടം സേക്രട്ട് ഹാർട്ട് ഹൈസ്കൂളിലെ പത്താംക്ലാസ്സ് വിദ്യാർത്ഥിനി ആൻസ് മരിയ ജോർജ് കൈതക്കാകുന്നേൽ, മുതലക്കോടം ആണ്. മാർച്ച് 30-ാം തീയതി നെസ്റ്റിൽ വച്ച് നടക്കുന്ന സമ്മേളനത്തിൽ പ്രസ്തുത കുട്ടിക്ക് അഭിവന്ദ്യപിതാവ് സ്കോളർഷിപ്പ് നൽകുന്നതാണ്.

*Edn. 8/2019* **പ്രധാനഅദ്ധ്യാപക യോഗം**

2019 മാർച്ച് 30-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു നടക്കുന്ന സമ്മേളനത്തിൽ എല്ലാ പ്രധാനഅദ്ധ്യാപകരും, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗത്തിൽ നിന്നുള്ള സ്റ്റാഫ് സെക്രട്ടറിമാരും പങ്കെടുക്കേണ്ടതാണെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. എൽ.പി., യു.പി. വിഭാഗത്തിൽ നിന്ന് ഹെഡ്മാസ്റ്റർമാർ മാത്രം പങ്കെടുത്താൽ മതി. സ്കൂൾ മെയിന്റനൻസ് Fund -ന്റെ കണക്ക് തദവസരത്തിൽ അവതരിപ്പിക്കുന്നതാണ്.

*Edn. 9/2019* **കോതമംഗലം രൂപത വിദ്യാഭ്യാസ ഏജൻസി അപേക്ഷ ക്ഷണിച്ചു**

കോതമംഗലം രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള കോളേജുകളിലേക്ക് താഴെ പറയുന്ന അനദ്ധ്യാപക തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

| | | |
|---|---|---|
| ഓഫീസ് അറ്റൻഡന്റ് | - | 12 ഒഴിവ് |
| മെക്കാനിക്ക് | - | 1 ഒഴിവ് |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | - | 2 ഒഴിവ് |

പ്രായപരിധി, യോഗ്യത എന്നിവ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെയും കേരള ഗവൺമെന്റിന്റെയും നിയമങ്ങൾക്ക് വിധേയമായിട്ടായിരിക്കും. അപേക്ഷാഫോറം കോതമംഗലം രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഓഫീസിൽ ലഭിക്കുന്നതാണ്. അപേക്ഷാഫീസ് ₹ 600 ക്യാഷ് ആയോ ഡി.ഡി. ആയോ നൽകാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 16-03-2019.

*Secretary*





## സോഷ്യൽ സർവീസ്

*SS. 3/2019* **കൃതജ്ഞതയോടെ**

കഴിഞ്ഞ 25 വർഷമായി കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റി ഓഫീസിൽ സ്തുത്യർഹമായി സേവനമനുഷ്ഠിച്ചശേഷം ഓഫീസ് ജോലിയിൽ നിന്നും വിരമിക്കുന്ന റവ. സി. ആൻ ഗ്രെയ്സിന് സൊസൈറ്റിയുടെയും രൂപതാകുടുംബത്തിന്റെയും പേരിൽ നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു. സി.എം.സി. സന്യാസിനി സമൂഹത്തിന്റെ ഇന്റേണൽ ഓഡിറ്ററായി നിയമിതയായ സിസ്റ്ററിന് പുതിയ പ്രവർത്തന മണ്ഡലത്തിൽ എല്ലാ ഭാവുകങ്ങളും നേരുന്നു.

*Director*

## തിരുബാലസഖ്യം

*HC. 3/2019* **തിരുബാലസഖ്യ പ്രവർത്തനവർഷ ഉദ്ഘാടനം**

തിരുബാലസഖ്യത്തിന്റെ 2019-20 പ്രവർത്തനവർഷ ഉദ്ഘാടനം ഫെബ്രുവരി 9-ാം തീയതി അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവ് നിർവ്വഹിച്ചു. ഈ ദിനം മനോഹരമാക്കിയ എല്ലാ കുഞ്ഞുങ്ങളെയും അവരുടെ ആനിമേറ്റേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു.

*Director*

## ചെറുപുഷ്പ മിഷൻലീഗ്

*CML 10 /2019* **പവർ പോയിന്റ് പ്രസന്റേഷൻ**

രൂപതാതലത്തിൽ നടത്തിയ പവർ പോയിന്റ് പ്രസന്റേഷൻ മത്സരത്തിൽ തൊടുപുഴ ശാഖ 1-ാം സ്ഥാനവും പെരുമ്പിള്ളിച്ചിറ ശാഖ 2-ാം സ്ഥാനവും പൈങ്ങോട്ടൂർ ശാഖ 3-ാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങൾ.

*CML 11/2019* **ക്രിസ്റ്റീൻ ധ്യാനം**

കുട്ടികൾക്കായുള്ള അവധിക്കാല ക്രിസ്റ്റീൻ ധ്യാനം ഏപ്രിൽ, മെയ് മാസങ്ങളിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നു. ഏപ്രിൽ 15 മുതൽ 17 വരെ 9-12 ക്ലാസ്സുകളിൽ പഠിക്കുന്നവർക്കും മെയ് 7 മുതൽ 9 വരെ 5-8 ക്ലാസ്സുകളിൽ പഠിക്കുന്നവർക്കുമാണ് ധ്യാനം. ധ്യാനത്തിന് മുൻകൂട്ടി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 600 രൂപ. ഫോൺ : 9496495200, 8281853557

*CML 12 /2019* **വചനഭേരി മത്സരം**

രൂപതാതലത്തിൽ ഇടവകകളിൽ നിന്നും 10-15, 16-25 പ്രായവി

ഭാഗങ്ങളിൽപ്പെട്ട ആൺ-പെൺ വ്യത്യാസമില്ലാതെ രണ്ട് പേർ അടങ്ങുന്ന ഓരോ ടീമിന് വീതം പങ്കെടുക്കാവുന്നരീതിയിൽ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ഏപ്രിൽ 13-ന് നെസ്റ്റിൽ വച്ചാണ് മത്സരം നടത്തുന്നത്.

നിബന്ധനകൾ:

1 Preliminary round-ൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 5 ടീമുകൾക്ക് ഫൈനൽ മത്സരത്തിൽ 5 റൗണ്ടുകളിലായി എഴുത്ത്, ഓഡിയോ വിഷ്വൽ രീതിയിലായിരിക്കും മത്സരം നടത്തപ്പെടുക.
2 പ്രായം തെളിയിക്കുന്ന വികാരിയച്ചന്റെ സാക്ഷ്യപത്രവും ബാഡ്ജും മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്.
3 പ്രഭാഷകന്റെ 51 അദ്ധ്യായങ്ങളടങ്ങുന്ന വചനഭാഗമായിരിക്കും മത്സരവിഷയം.
4 മത്സരത്തിൽ പങ്കെടുക്കുന്ന ടീമുകളുടെ രജിസ്ട്രേഷൻ മാർച്ച് 31-ന് മുമ്പ് നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 50 രൂപ.
രജിസ്ട്രേഷൻ : കെവിൻ ജോസഫ് - 9074673282
ആഷ്ബിൻ അലോഷ്യസ് - 8848493188

*CML 13 /2019* **ഫ്ളാഷ്**

രൂപതയിലെ മിഷൻലീഗ് അംഗങ്ങൾക്കായി നടത്തിയ ഫോട്ടോഗ്രാഫി മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ. വിജയികൾ: I ജോസ് തങ്കച്ചൻ, വാഴക്കുളം; II റ്റോമിൻ സജി, മുതലക്കോടം; III അലൻ ജിയോ, തൊടുപുഴ.

*Director*

## ഫാമിലി അപ്പോസ്തലേറ്റ്

*FA 11/2019* **രൂപത എക്സിക്യൂട്ടീവ്**

ഫാമിലി അപ്പോസ്തലേറ്റ് രൂപത എക്സിക്യൂട്ടീവ് മാർച്ച് 20 ബുധൻ രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

*FA 12/2019* **കുടുംബനവീകരണധ്യാനം**

കുടുംബനവീകരണ ധ്യാനം മാർച്ച് 15 വെള്ളി വൈകിട്ട് 4 മുതൽ 17-ാം തീയതി വൈകിട്ട് 5 വരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ.

*FA 13/2019* **മലേക്കുരിശ് തീർത്ഥാടനം**

രൂപതയുടെ ആഭിമുഖ്യത്തിൽ മാർച്ച് 8 വെള്ളിയാഴ്ച നടത്തുന്ന മലേക്കുരിശ് തീർത്ഥാടനത്തിൽ ഫാമിലി അപ്പോസ്തലേറ്റിന്റെ ഇടവക, വാർഡ്തല ഭാരവാഹികൾ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.





*FA 14/2019* **Marriage Preparation Courses in Kerala, March 2019**

| DIOCESE / ARCHDIOCESE - PHONE NUMBER | | 1st Week | 2nd Week | 3rd Week | 4 & 5 Week |
|---|---|---|---|---|---|
| Alappuzha | 8113934970 | | 8-10 | | 22-24 |
| Bethery | 9446492543, 8304857237 | | | 11-13 | |
| Changanacherry | 0481-2424476, 9447030814 | | | | |
| Ernakulam (Kaloor) | 0484-2533077 | | | 11-13 | 25-27 |
| Ernakulam (Kalady) | 0484-2462607 | | | 19-21 | |
| Idukki | 8301065968 | | 8-10 | | 22-24 |
| Irinjalakuda | 0480-2880439, 9446143976 | | | | 25-27 |
| Kanjirappally | 0482-8205628, 9447980736 | | | 18-20 | 28-30 |
| Kannur | 8281094466 | 3-6 | | | |
| Kochi | 0484-2328077, 8547723791 | | 7-10 | | 28-31 |
| Kollam | 0474-2749349, 9447068230 | | | 13-15 | 27-29 |
| Kothamangalam | 9495011191, 0485-2989222 | 6-8 | | 20-22 | |
| Kottappuram | 0480-2807733, 9446605551 | 6-8 | | | |
| Kottayam | 04829-242313, 9495080049 | | | | |
| Kozhikkode | 9847274114 | | | | |
| Mananthvady | 04925-241335, 9567764944 | | | 10-13 | 22-25 31-3 |
| Mavelikkara | 9447366149, 8848630710 | | 8-10 | | |
| Neyyattinkara | 9447005093 | | | 13-15 | |
| Palai | 0482-2210049, 9447473585 | | | 11-13 | 25-27 |
| Palakkad | 9847838732 | | 4-7 | | |
| Pathanamthitta | 9605519338 | | | 8-10 | |
| Punalur | 9447861209 | | | 7-10 | |
| Sulthanpett | 9495911256 | | | | |
| Thalassery | 04902-343414, 9497261989 | 5-7 | | 12-14 | 26-28 |
| Thamarassery | 0495-2730860, 8289863810 | 4-7 | | | 25-28 |
| Thiruvalla | 9497462813 | 5-7 | | | |
| Thiruvanathapuram (Latin) | 04712724001 | | | 11-13 | 22-24 |
| Thiruvanathapuram(Malankara) | 8078521209, 8547493542 | | | | |
| Thrissur | 0487-2336066, 9605043327 | 6-8 | | 13-15 | 20-22 27-29 |
| Varappuzha | 04842393739, 9895020321 | 1-3 | | 15-17 | |
| Vijayapuram | 9447182300 | 7-9 | | | |

*Director*

## മാതൃവേദി

*MV 12/2019* **വചനോത്സവം**

ഫെബ്രുവരി 27-ന് നെസ്റ്റിൽ വച്ച് നടന്ന വചനോത്സവം എന്ന പ്രോഗ്രാമിൽ ബൈബിൾ പകർത്തി എഴുതിയ എല്ലാ അമ്മമാർക്കും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയുണ്ടായി.

*MV 13/2019* **വനിതാദിനം**

മാർച്ച് 7-ന് 10 മണിക്ക് നെസ്റ്റിൽ വച്ച് മാതൃവേദിയുടെയും വനിതാകമ്മീഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ വനിതാദിനം നടത്താൻ തീരുമാനിച്ചിരിക്കുന്നു. അന്നേ ദിവസം 2018-2019 വർഷത്തിൽ രൂപതയിൽ നിന്നും വൈദികരോ, സമർപ്പിതരോ ആയവരുടെ അമ്മമാരെയും ലോഗോസ് പ്രതിഭ മാറിക ഫൊറോന, കുണിഞ്ഞി യൂണിറ്റിലെ റോസ് മേരിയെയും ആദരിക്കുന്നതാണ്.

*MV 14/2019* **മാതൃവേദി**

ഫെബ്രുവരി 26-ന് നടന്ന ഉണർവ് പ്രോഗ്രാമിൽ മി. പ്രയാഗ് മൈൻഡ് ഡെവലപ്മെന്റ് എന്ന വിഷയത്തെ കുറിച്ച് ക്ലാസ്സ് എടുത്തു. ഉണർവിന്റെ അടുത്ത ക്ലാസ്സ് മാർച്ച് 26-ന് ആയിരിക്കും.

*MV 15/2019* **തീർത്ഥയാത്ര**

ബൈബിൾ പകർത്തി എഴുത്തിൽ സമ്മാനാർഹരായവർക്കായി സംഘടിപ്പിച്ച മൈലാപ്പൂർ തീർത്ഥയാത്ര ഫെബ്രുവരി 17-19 തീയതികളിൽ നടത്തി.

*MV 16/2019* **വിവാഹസഹായനിധി**

സാധു പെൺകുട്ടികളുടെ വിവാഹത്തിന് ഒരു കൈത്താങ്ങ് ആകുക എന്ന ലക്ഷ്യവുമായി, യൂണിറ്റ്, ഫൊറോന തലത്തിൽ അമ്മമാരുടെ സഹായം collect ചെയ്യുന്നതിനായി രൂപതയിൽ നിന്നുള്ള വിവാഹസഹായനിധി കവർ ഫെബ്രുവരി 22-ന് നടന്ന സെനറ്റ് മീറ്റിംഗിൽ കൊടുത്തുവിട്ടിട്ടുണ്ട്.

*MV 17/2019* **യൂദിത്ത് മിനിസ്ട്രി**

മാർച്ച് 9 രണ്ടാം ശനിയാഴ്ച 9.30 മുതൽ 3.30 വരെ രാമല്ലൂർ സാൻജോഭവനിൽ വച്ച് യൂദിത്ത് അംഗങ്ങൾക്കായി സ്നേഹത്തണൽ ഏകദിന കൺവെൻഷൻ നടത്തുന്നു. സഹനം സമ്പത്താക്കാം എന്നതാണ് അന്നത്തെ വചനവിഷയം. അന്നേദിവസം നിത്യതയുടെ തീരത്ത് എന്ന പ്രത്യേക പ്രാർത്ഥനാശുശ്രൂഷ ജീവിതപങ്കാളികൾക്കായി നടത്തുന്നതാണ്.

*MV 18/2019* **ബൈബിൾ പകർത്തിയെഴുത്ത് യജ്ഞം**

ബൈബിൾ പകർത്തിയെഴുത്ത് രണ്ടാംഘട്ടം ആരംഭിക്കുന്നു. മൂന്ന് വിഭാഗങ്ങളിലായാണ് ഇത് നടക്കുന്നത്.

A വിഭാഗം - മാതാക്കൾ

B വിഭാഗം - പിതാക്കന്മാർ

C വിഭാഗം - യുവജനങ്ങൾ, കുട്ടികൾ





എഴുതേണ്ട ഭാഗം - അപ്പസ്തോലപ്രവർത്തനങ്ങൾ, റോമാകാർക്കുള്ള ലേഖനം, കോറിന്തോസ് 1, 2 ലേഖനങ്ങൾ.

താത്പര്യമുള്ളവർ മാർച്ച് 31 മുമ്പ് പേര് രജിസ്റ്റർ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് ₹ 50. എഴുതി നൽകേണ്ട അവസാന തീയതി ജൂലൈ 31 ആണ്. ഓരോ വിഭാഗത്തിൽ നിന്നും രണ്ട് പേരെ വിജയികളായി തിരഞ്ഞെടുക്കും.

*Director*

## DCMS

*DCMS 2/2019* **ദ്വിദിന നേതൃത്വപരിശീലന ക്യാമ്പ് 2019 മാർച്ച് 2, 3**

ഡി.സി.എം.എസ്. സംസ്ഥാന കൗൺസിൽ അംഗങ്ങളെയും രൂപതാ കമ്മിറ്റി അംഗങ്ങളെയും പങ്കെടുപ്പിച്ച് 2019 മാർച്ച് 2, 3 തീയതികളിൽ കോട്ടയം വിമലഗിരി ഓഡിറ്റോറിയത്തിൽ വച്ച് ക്യാമ്പ് നടത്തുന്നു. മാർച്ച് 2-ാം തീയതി വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് 3-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ക്യാമ്പ് സമാപിക്കും. ദേശീയ അല്മായ കമ്മീഷൻ സെക്രട്ടറി ഷെവ. വി.സി. സെബാസ്റ്റ്യൻ, പരിവർത്തിത ക്രൈസ്തവ കോർപ്പറേഷൻ ചെയർമാൻ ശ്രീ. പി.ജെ. വർഗീസ്, എന്നിവർക്ക് സ്വീകരണം നൽകും. സംഘടനയുടെ ഭാവിപ്രവർത്തന പരിപാടികൾക്ക് രൂപം നൽകുവാൻ കൂടുന്ന ഈ സുപ്രധാനദ്വിദിന നേതൃത്വപഠന പരിശീലന ക്യാമ്പിൽ നിർബന്ധമായും എല്ലാ കൗൺസിൽ അംഗങ്ങളും രൂപതാഭാരവാഹികളും പങ്കെടുക്കണമെന്ന് അറിയിച്ചുകൊള്ളുന്നു.

*DCMS 3/2019* **വനിതാ സെമിനാർ**

അന്താരാഷ്ട്ര വനിതാദിനമായ മാർച്ച് 8-ന് ഡി.സി.എം.എസ്. സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ വനിതാ സെമിനാർ നടത്തുന്നു. 2019 മാർച്ച് 8-ാം തീയതി രാവിലെ 9.30-ന് കാഞ്ഞിരപ്പള്ളി രൂപതയിലെ പൊടിമറ്റം നിർമ്മല റിട്രീറ്റ് സെന്ററിൽ സെമിനാർ ആരംഭിക്കും. സെമിനാറിൽ പങ്കെടുക്കുവാൻ എത്തുന്ന വനിതകൾ മാർച്ച് 8-ന് രാവിലെ 9 മണിക്ക് കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് കോളേജിന് മുന്നിൽ എത്തിച്ചേരേണ്ടതാണ്.

*DCMS 4/2019* **മദ്ധ്യസ്ഥ പ്രാർത്ഥനാദിനം നടത്തി**

രൂപതയ്ക്കും ഇടവകയ്ക്കും ആഗോള കത്തോലിക്കാസഭയ്ക്കുവേണ്ടിയും 3-12-2019 ഞായറാഴ്ച 12.00 noon മുതൽ 4 pm

വരെ നാകപ്പുഴ സെന്റ് മേരീസ് ഇടവകയിൽ വച്ച് നടത്തപ്പെട്ടു. ഫാ. സേവ്യർ കരിവേലിക്കോണം OFM ആരാധനയ്ക്ക് നേതൃത്വം നൽകി. 50-ഓളം ആളുകൾ പങ്കെടുത്തു.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 10/2019* **ഫൊറോന കമ്മിറ്റി യോഗങ്ങൾ**

ജനുവരി 31-ന് വാഴക്കുളത്തും ഫെബ്രുവരി 4-ന് കരിമണ്ണൂരും ഫൊറോന കമ്മിറ്റി യോഗങ്ങൾ ചേർന്നു.

*DFC 11/2019* **ദീപികയുടെ പുതിയ പ്രസ് ഉദ്ഘാടനം**

ഫെബ്രുവരി 3-ാം തീയതി കോട്ടയം തിരുനക്കര മൈതാനത്തു ചേർന്ന സമ്മേളനത്തിൽ വച്ച് മുൻ രാജ്യസഭാ ഉപാദ്ധ്യക്ഷൻ പ്രൊഫ. പി.ജെ. കുര്യൻ ദീപികയുടെ പുതിയ പ്രസ്സിന്റെ ഉദ്ഘാടനം നിർവഹിച്ചു. നമ്മുടെ രൂപതയിൽ നിന്നും 245 DFC പ്രവർത്തകർ പരിപാടിൽ പങ്കെടുത്തു.

*DFC 12/2019* **കരിമണ്ണൂർ ഫൊറോനയ്ക്ക് പുതിയ സാരഥികൾ**

ഫെബ്രുവരി 4-ന് കരിമണ്ണൂർ ഫൊറോന പള്ളി മിനി പാരീഷ് ഹാളിൽ ചേർന്ന ഡി.എഫ്.സി ഫൊറോനതലയോഗത്തിൽ വച്ച് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പ്രസിഡന്റ്-കെ.ജെ. തോമസ് കണ്ടത്തിൻകര, വൈ. പ്രസിഡന്റ് - സിബി ജോർജ് തടത്തിൽ, സെക്രട്ടറി - വി.ജെ. ചെറിയാൻ വെളിയത്ത്, ജോ. സെക്രട്ടറി-ബിജു ജേക്കബ് പാലയ്ക്കൽ, ട്രഷറർ-പി.റ്റി. ചാക്കോ പുത്തൻപുരയിൽ, വനിത വൈ. പ്രസിഡന്റ്-ട്രിനിയാമ്മ ജോർജ് ആനിക്കാട്ട്, കമ്മിറ്റിയംഗങ്ങൾ-എം.എം. ചാക്കോ മറ്റത്തിലാനിക്കൽ, രാജു തോമസ്, ബെന്നി ജോസ് ഊന്നുകല്ലാമറ്റത്തിൽ, കെ.കെ. ജോൺ കുഴിപ്പിള്ളിൽ, ബിബിൻ ബിജു, എൻ. റ്റി. ബെന്നിച്ചൻ മാളിയേക്കൽ, ബേബി അഗസ്റ്റിൻ പ്ലാത്തോട്ടത്തിൽ, ജോസ്മി ബിജു, ജിൽസൺ മാത്യു പ്രഫ്വിൻ ജോർജ്.

*DFC 13/2019* **യാത്രയയപ്പ്**

സ്ഥലം മാറിപ്പോയ ദീപിക എം.ഡി. മോൺ മാണി പുതിയേടത്തിന് ഫെബ്രുവരി 5-ന് കോട്ടയം ദീപിക ഓഫീസിൽ ചേർന്ന സമ്മേളത്തിൽ വച്ച് സമുചിതമായ യാത്രയയപ്പ് നൽകി. നമ്മുടെ രൂപതയിൽ നിന്നും DFC രൂപത ഭാരവാഹികൾ പങ്കെടുത്തു.





*DFC 14/2019* **പുതിയ എം.ഡി. ചാർജ്ജെടുത്തു**

ദീപികയുടെ പുതിയ എം.ഡി. യായി ഫാ. മാത്യു ചന്ദ്രൻകുന്നേൽ ഫെബ്രുവരി 16-ാം തീയതി ചാർജ്ജെടുത്തു.

*DFC 15/2019* **നന്ദി**

ദീപികയുടെ കലണ്ടർ, 'മാധ്യമവേട്ട'എന്നിവ ഇടവകകളിലെ വീടുകളിൽ എത്തിക്കാൻ സഹായിച്ച ബഹു. വികാരിയച്ചന്മാർക്കും DFC ഭാരവാഹികൾക്കും രൂപത സമിതിയുടെ നന്ദി അറിയിക്കുന്നു.

*Co-ordinator*

## യുവദീപ്തി

*YD 5/2019* **രൂപത വാർഷിക കൗൺസിൽ**

2018 പ്രവർത്തന വർഷത്തെ രൂപത വാർഷിക കൗൺസിലും 2019 -ലെ രൂപത ഭാരവാഹികളുടെ തിരഞ്ഞെടുപ്പും 2019 ഫെബ്രുവരി 9-ാം തീയതി മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. മുൻ രൂപത അസി. ഡയറക്ടർ റവ. ഫാ. തോമസ് ചേർക്കോട്ട് കൗൺസിൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് നടന്ന 2019 ഭാരവാഹി തിരഞ്ഞെടുപ്പിന് രൂപത ഡയറക്ടർ റവ. ഫാ. സിറിയക് ഞാളൂരും രൂപത ആനിമേറ്റർ റവ. സി. അലിന എഫ്.സി.സി. യും നേതൃത്വം നൽകി.

*YD 6/2019* **രൂപത ഭാരവാഹികൾ**

2019 പ്രവർത്തന വർഷത്തെ രൂപത ഭാരവാഹികളായി താഴെ പറയുന്നവർ തിരഞ്ഞെടുക്കപ്പെട്ടു.

| | |
|---|---|
| പ്രസിഡന്റ് | - സിറിൾ ജോസഫ് അത്തിക്കൽ (നെയ്യശ്ശേരി) |
| ജനറൽ സെക്രട്ടറി | - ടോമിൻ മാത്യു മാതേയ്ക്കൽ (മീങ്കുന്നം) |
| വൈസ് പ്രസിഡന്റുമാർ | - റോസ് മരിയ ജോർജ്ജ് കണിയാമാട്ടേൽ |
| | അരുൺ പോൾ ബാബു കള്ളിക്കാട്ട്കുടിയിൽ |
| സെക്രട്ടറി | - സെബിൻ ആന്റണി വേഴക്കാട്ട് |
| | - റോജിൻ മാത്യു മുണ്ടിയാനിക്കൽ |
| | - അനു ഫ്രാൻസീസ് കളപ്പുരക്കൽ |
| | - മഞ്ജിമ ജോർജ്ജ് എടാട്ടേൽ |
| ട്രഷറർ | - ജോർബിൻ ബേബി കുന്നേൽ |
| സ്റ്റേറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾ | - ടോം ചക്കാലകുന്നേൽ |
| | - ആൻമേരി സി. ചിറപ്പുറത്ത് |

സ്റ്റേറ്റ് സെനറ്റ് അംഗങ്ങൾ – ഫിയോണ ബെന്നി കളപ്പുരക്കൽ
സജ്‌ന ജോർജ്ജ് അർപ്പത്താനത്ത്
ജിബിൻ ജോർജ്ജ് താന്നിക്കാമറ്റത്തിൽ
സിറിൾ ജോസഫ് അത്തിക്കൽ

*YD 7/2019* **രൂപത പ്രവർത്തന വർഷ ഉദ്ഘാടനം**

2019 പ്രവർത്തനവർഷ ഉദ്ഘാടനം മാർച്ച് 31-ന് സെന്റ് സെബാസ്റ്റ്യൻസ് ഫൊറോന പള്ളി തൊടുപുഴയിൽ വച്ച് നടത്തപ്പെടുന്നു. ഉച്ചയ്ക്ക് 2 മണിക്ക് ആരംഭിക്കുന്ന സമ്മേളനം വൈകിട്ട് 4.30 ഓടെ അവസാനിക്കുന്നതാണ്. രൂപതയിലെ മുഴുവൻ യുവജന സുഹൃത്തുക്കളെയും ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു

*YD 8/2019* **ഫൊറോന കൗൺസിൽ**

2019 പ്രവർത്തന വർഷത്തെ ഫൊറോന കൗൺസിലുകൾ രൂപത പ്രവർത്തന വർഷ ഉദ്ഘാടനത്തിന് മുമ്പായി നടത്തുവാൻ ഫൊറോന ഡയറക്ടർ അച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*YD 9/2019* **അമ്മ മനസ്സ്**

യൂണിറ്റ്-ഫൊറോന ആനിമേറ്റർ സിസ്റ്റേഴ്സ് മീറ്റ് ഏപ്രിൽ 13 ശനിയാഴ്ച രാവിലെ 10 മണിക്ക് മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ യൂണിറ്റ്-ഫൊറോന ആനിമേറ്റർ സിസ്റ്റേഴ്സും പങ്കെടുക്കുമല്ലോ.

*Director*

## ജീസസ് യൂത്ത്

*JY 4/2019* **സോണൽ നൈറ്റ് വിജിൽ**

ജീസസ് യൂത്ത് കോതമംഗലം സോണിന്റെ നേതൃത്വത്തിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് മാർച്ച് 8-ന് നൈറ്റ് വിജിൽ നടത്തുന്നു.

*JY 5/2019* **സോണൽ അസംബ്ലി, സോണൽ റീകോൺസ്റ്റിറ്റ്യൂഷൻ**

2019 മാർച്ച് 2,3 തീയതികളിൽ നെസ്റ്റിൽ വച്ച് നടത്തപ്പെടുന്നു.

*Animator*

## ഓൾ കേരള കാത്തലിക് കോൺഗ്രസ്

*AKCC 3/2019* **വിശുദ്ധനാട് തീർത്ഥാടനം**

കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ റവ. ഫാ. ഫ്രാൻസീസ് കീരംപാറയുടെ ആത്മീയ





നേതൃത്വത്തിൽ 10 ദിവസത്തെ വിശുദ്ധനാട് തീർത്ഥാടനം നടത്തുന്നു. 2019 മെയ് 20-ന് ആരംഭിക്കുന്ന തീർത്ഥാടനം ജോർദ്ദാൻ, ഇസ്രായേൽ, പാലസ്തീൻ, ഈജിപ്റ്റ് തുടങ്ങിയ രാജ്യങ്ങളിലെ പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്നു. ഈ തീർത്ഥയാത്രയിൽ പങ്കാളികളാകാൻ ആഗ്രഹിക്കുന്നവർ കത്തോലിക്കാ കോൺഗ്രസ് ഭാരവാഹികളുമായി ബന്ധപ്പെടുക.

*AKCC 4/2019* **അഭിനന്ദനങ്ങൾ**

കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപത ഡയറക്ടറും കോതമംഗലം രൂപത വികാരി ജനറാളുമായ മോൺ. ജോർജ്ജ് ഓലിയപ്പുറം അച്ചന് സീറോ മലബാർ സഭ നൽകുന്ന അപൂർവ്വ ബഹുമതിയായ "വൈദികരത്നം" ലഭിച്ചതിൽ കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപതാസമൂഹം അതീവ സന്തോഷത്തിലാണ്. മോൺ. ജോർജ് ഓലിയപ്പുറം അച്ചനെ കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപതാ സമിതി ബിഷപ്പ് ഹൗസിലെത്തി അഭിനന്ദിച്ചു.

*Director*

## അല്മായഫ്രാൻസിസ്കൻ സഭ

*SFO 4/2019* **പുതിയ യൂണിറ്റ് രൂപീകരണം**

ഏനാനല്ലൂർ ഇടവകയിൽ SFO പുതിയ യൂണിറ്റിന് ഏനാനല്ലൂർ പള്ളി വികാരി റവ. ഫാ. പോൾ മൈലക്കച്ചാലിൽ, SFO സ്പിരിച്ചൽ ഡയറക്ടർ, ഫാ. സേവ്യർ കരുവേലിക്കോണം OFM, SFO റീജൺ മിനിസ്റ്റർ ബ്രദർ അരുൺ കെ. ജോർജ്, SFOരൂപതാ പ്രസിഡന്റ് എന്നിവർ ചേർന്ന് രൂപം നൽകി. യൂണിറ്റ് പ്രസിഡന്റ് ബ്രദർ ജോർജ് വർഗീസ്, സെക്രട്ടറി സി. മേഴ്സി മാത്യു മുട്ടത്ത്, ട്രഷറർ ബ്രദർ എം. ജെ. ചാക്കോച്ചൻ എന്നിവരെ യൂണിറ്റ് കമ്മിറ്റിയിലേക്ക് അന്നേദിവസം തെരഞ്ഞെടുത്തു.

*SFO 5/2019* **തൊടുപുഴ വിജ്ഞാന മാതാ ചർച്ച് യൂണിറ്റ്**

10-02-2019 ഞായറാഴ്ച തൊടുപുഴ വിജ്ഞാനമാതാ പള്ളിയിൽ ഫ്രാൻസിസ്കൻ അല്മായ സഭയുടെ ഒരു പുതിയ യൂണിറ്റ് വികാരി റവ. ഫാ. ജോസഫ് മക്കോളിൽ, ഫാ. സേവ്യർ കരുവേലിക്കോണം OFM, SFO റീജൺ മിനിസ്റ്റർ ബ്രദർ ടെൻസൺ ജോസഫ്, രൂപതാ വൈസ് മിനിസ്റ്റർ ബ്രദർ ഐപ്പച്ചൻ, സെക്രട്ടറി സി. റോസി പൂനാട്ട്, രൂപതാ ട്രഷറർ ബ്രദർ മാത്യു കെ. പി., രൂപതാ പ്രസിഡന്റ് എന്നിവർ ചേർന്ന് രൂപം നൽകി.

*SFO 6/2019* **രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഫ്രാൻസിസ്കൻ അല്മായ സഭയുടെ 2019-ലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് രൂപതാ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ റീജൺ മിനിസ്റ്റർമാർ, യൂണിറ്റ് മിനിസ്റ്റർമാർ, സ്പിരിച്വൽ ഡയറക്ടർ ഫാ. സേവ്യർ കരുവേലിക്കോണം OFM, എന്നിവർ സംസാരിച്ചു. ചർച്ചക്ക് ശേഷം വാർഷിക പദ്ധതി രൂപതയിൽ സമർപ്പിക്കുന്നതിനും തീരുമാനിച്ചു

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 4/2019* **നേതൃസംഗമം**

20-02-2019-ൽ കോതമംഗലം സോണൽ ആനിമേറ്റർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിലിന്റെ നേതൃത്വത്തിൽ കാരക്കുന്നം മോചനയിൽ ചേർന്ന സോണൽ സർവീസ് ടീം അംഗങ്ങളുടെയും സബ്സോൺ കോ-ഓർഡിനേറ്റർമാരുടെയും യോഗത്തിൽ KCC RST ചെയർമാൻ റവ. ഫാ. വറുഗീസ് മുണ്ടയ്ക്കൽ, സെക്രട്ടറി സെബാസ്റ്റ്യൻ കാഞ്ഞിരപ്പിള്ളി, ബിജു ഇടുക്കി എന്നിവർ സംബന്ധിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

KCBC കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ മാർ സാമുവൽ ഐറിനോസ് പിതാവ് ഉദ്ഘാടന സന്ദേശം നൽകുകയും അട്ടപ്പാടി സെഹിയോൻ ധ്യാന കേന്ദ്രത്തിലെ റവ. ഫാ. സേവ്യർ ഖാൻ വട്ടായിൽ വചനപ്രഘോഷണം നടത്തുകയും ചെയ്യുന്ന മലയാറ്റൂർ കുരിശുമല പരിഹാര പ്രദക്ഷിണത്തിന് പരമാവധി പേരെ കോതമംഗലം സോണിൽ നിന്നും പങ്കെടുപ്പിക്കണമെന്ന് KCC RST ചെയർമാൻ റവ. ഫാ. വറുഗീസ് മുണ്ടയ്ക്കൽ ആവശ്യപ്പെടുകയും ചെയ്തു.

*PG 5/2019* **സർവ്വീസ് ടീം അംഗങ്ങളുടെ സംയുക്ത യോഗം**

രജത ജൂബിലി ആഘോഷിക്കുന്ന കോതമംഗലം സോണിന്റെ ആഘോഷങ്ങളുടെ സമാപനത്തെക്കുറിച്ച് ആലോചിക്കുവാൻ സോണിലെയും സബ്സോണുകളുടെയും സർവ്വീസ് ടീം അംഗങ്ങളുടെ സംയുക്തയോഗം കാരക്കുന്നം മോചനയിൽ വച്ച് മാർച്ച് 3-ാം തീയതി ചേരുവാൻ സോണൽ സർവ്വീസ് ടീം തീരുമാനിച്ചു.

ഫെബ്രുവരി 2-ന് കോതമംഗലം കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ രൂപതാ ബൈബിൾ കൺവൻഷന്റെ വിജയത്തിനായി പ്രവർത്തിച്ച വോളന്റിയേഴ്സിന്റെ യോഗത്തിൽ പരമാവധി വോളന്റിയേഴ്സിനെ അറിയിക്കുവാനും പങ്കെടുപ്പിക്കുവാനും തീരുമാനിച്ചു.





*PG 6/2019* **മലേക്കുരിശ് തീർത്ഥാടനം**

കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ ആത്മീയ നേതൃത്വത്തിൽ മൂവാറ്റുപുഴ ഹോളി മാഗി ഫൊറോന പള്ളിയിൽനിന്നും മാർച്ച് 8-ന് ആരംഭിക്കുന്ന മലേക്കുരിശ് തീർ ത്ഥാടനത്തിൽ കോതമംഗലം സോണിലെ പ്രാർത്ഥനാഗ്രൂപ്പുകളിൽനിന്നും പരമാവധി പ്രവർത്തകരെ പങ്കെടുപ്പിക്കുവാൻ സോണൽ സർവ്വീസ് ടീം തീരുമാനിച്ചു.

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 3/2019* **വനിതാ സെമിനാർ**

കോതമംഗലം സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ രൂപതയിലെ വിൻസെന്റ് ഡി പോൾ വനിതാ പ്രവർത്തകർക്കായി ഏകദിന സെമിനാർ സംഘടിപ്പിച്ചു. നാഷണൽ കൗൺസിൽ പ്രസിഡന്റ് ഡോ. ജോൺസൺ വർഗീസ് സെമിനാർ ഉദ്ഘാടനം ചെയ്തു. റവ. ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത് ക്ലാസ്സെടുത്തു. സെൻട്രൽ കൗൺസിൽ വനിതാ പ്രതിനിധി ബീനാ ഷെല്ലി നേതൃത്വം നല്കി.

*SV 4/2019* **ഓറിയന്റേഷൻ ക്ലാസ്സ്**

വിൻസെന്റ് ഡി പോൾ സൊസൈറ്റി കോതമംഗലം സെൻട്രൽ കൗൺസിലിലെ അംഗങ്ങൾക്കും ഏരിയാ കൗൺസിൽ പ്രസിഡന്റുമാർക്കുമായി ഓറിയന്റേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു. തൊടുപുഴ ഓസാനാം ഹോമിൽ വച്ചു നടന്ന ക്ലാസ്സ് സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. പ്രമുഖ ട്രെയിനർ ശ്രീ. ജോയി മാനുവൽ പ്ലാത്തോട്ടം ക്ലാസ്സ് എടുത്തു.

*SV 5/2019* **യൂത്ത് സെമിനാർ**

കോതമംഗലം രൂപതയിൽ വിൻസെൻഷ്യൻ യുവതീയുവാക്കൾക്കായി ഓസാനാം ഹോമിൽ വച്ച് സെമിനാർ നടത്തി. റവ. ഫാ. ഫ്രാൻസീസ് അത്തിക്കൽ യുവജനങ്ങൾക്കായി ദിവ്യബലി അർപ്പിച്ചു. C.C. പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. സജി എം. നരിക്കുഴി ക്ലാസ്സെടുത്തു. 63 പേർ പങ്കെടുത്തു.

*SV 6/2019* **ഇതര പ്രവർത്തനങ്ങൾ**

കാളിയാർ സെന്റ് റീത്താസ് കോൺഫ്രൻസും സെന്റ് റീത്താസ് വനിതാ കോൺഫ്രൻസും സംയുക്തമായി ഇടവകയിലെ 16 കുടുംബങ്ങൾക്ക് ആട്ടിൻകുട്ടികളെ വിതരണം ചെയ്തു. 60000 രൂപ അടങ്കൽ ചെലവ് വന്ന ഈ പദ്ധതിയുടെ ഉദ്ഘാടനം ജനുവരി മാസം 18-ാം

തീയതി ഇടവകവികാരി പെരി. ബഹു. ജോൺ ആനിക്കോട്ടിലച്ചൻ നിർവഹിച്ചു.

വണ്ണപ്പുറം മാർ സ്ലീവ വനിതാ കോൺഫ്രൻസ് ഇടവകയിലെ 5 കുടുംബങ്ങൾക്ക് കുടുംബം ഒന്നിന് ഒരു കോഴിക്കൂടും 10 കോഴിക്കുഞ്ഞുങ്ങളും വീതം നല്കി. ബഹു. മാത്യു വടക്കുംപാടം അച്ചൻ ജനുവരി 20-ാം തീയതി ഉദ്ഘാടനം നിർവഹിച്ചു. പദ്ധതിക്ക് മൊത്തം 28000 രൂപ ചെലവ് വന്നു.

ഞാറക്കാട് സെന്റ് ജോസഫ് കോൺഫ്രൻസ് 6 കുടുംബങ്ങൾക്ക് കോഴിക്കൂടും 10 കോഴിക്കുഞ്ഞുങ്ങളും വീതം വിതരണം ചെയ്തു. 37400 രൂപ ആകെ ചെലവ് വന്ന പദ്ധതിയുടെ ഉദ്ഘാടനം ജനുവരി 20-ാം തീയതി വികാരി ബഹു. അഗസ്റ്റിൻ കുന്നപ്പിള്ളിൽ അച്ചൻ നിർവഹിച്ചു.

വണ്ണപ്പുറം മാർ സ്ലീവ കോൺഫ്രൻസ് ഇടവകയിലെ അർഹരായ 6 പേർക്ക് തയ്യൽ മെഷീനുകൾ വിതരണം ചെയ്തു. പദ്ധതിക്ക് 30000 രൂപ ചെലവ് വന്നു. വിതരണോദ്ഘാടനം ബഹു. മാത്യു വടക്കുംപാടം അച്ചൻ ഫെബ്രുവരി 3-ാം തീയതി നടത്തി. അന്നേദിവസം ഇടവകയിലെ 2 വിദ്യാർത്ഥികൾക്ക് 5000 രൂപ വച്ച് 10000 രൂപ പഠനസഹായമായും നല്കി. കോൺഫ്രൻസ് അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ ബഹു. വികാരി അച്ചൻ തുക വിദ്യാർത്ഥികൾക്ക് കൈമാറി.

കോടിക്കുളം സെന്റ് ആൻസ് കോൺഫ്രൻസ് ഇടവകയിലെ 3 കുടുംബങ്ങൾക്ക് വീട് മെയിന്റൻസിനായി 72625 രൂപ നല്കി. ചികിത്സാസഹായമായി 2 പേർക്ക് 6000 രൂപയും ജനുവരി മാസത്തിൽ നല്കി.

*Director*

## കേരള ലേബർ മൂവ്മെന്റ്

*KLM 5/2019* **രൂപതാസമിതി**

കെ.എൽ.എം രൂപതാസമിതി 12-3-2019 ചൊവ്വ ഉച്ചകഴിഞ്ഞ് 2-ന് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ ചേരുന്നു. രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ. തൊഴിലാളി ഫോറങ്ങളുടെ പ്രസിഡന്റുമാർ എന്നിവരാണ് യോഗത്തിൽ പങ്കെടുക്കേണ്ടത്.

*KLM 6/2019* **ഡോ. തോമസ് വിതയത്തിൽ സപ്തതി എൻഡോവ്മെന്റ് അവാർഡ് ലില്ലിക്കുട്ടി ജോസഫിന്**

സാമൂഹ്യജീവകാരുണ്യപ്രവർത്തനരംഗത്ത് നിസ്വാർത്ഥസേവനം ചെയ്യുന്നവർക്കായി കളമശ്ശേരി ഫാത്തിമ മാതാ പള്ളി ഏർപ്പെടുത്തിയ റവ. ഡോ. തോമസ് വിതയത്തിൽ സപ്തതി എൻഡോവ്മെന്റ് അ





വാർഡിന് കോതമംഗലം രൂപത തൃക്കാരിയൂർ ഇടവകാംഗമായ കുന്നുംപുറത്ത് ജോസ് ഗർവ്വാസിസിന്റെ ഭാര്യ ലില്ലിക്കുട്ടി ജോസ് അർഹയായി. ഇരുപതിനായിരം രൂപയും പ്രശസ്തി പത്രവുമടങ്ങുന്ന അവാർഡ് കളമശ്ശേരി ചങ്ങമ്പുഴ ഫാത്തിമ മാതാ പള്ളിയിൽ ഇടവകവാർഷികദിനത്തോടനുബന്ധിച്ചു നടന്ന സമ്മേളനത്തിൽ ലില്ലിക്കുട്ടി ജോസ് ഏറ്റുവാങ്ങി.

മദർ ടച്ച് എന്ന പേരിൽ കൂട്ടായ്മ രൂപീകരിച്ച് അനേകം ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന വ്യക്തിയാണ് ലില്ലിക്കുട്ടി. കോതമംഗലം രൂപത കേരള ലേബർ മൂവ്മെന്റിന്റെ (KLM) സെക്രട്ടറിയായ ലില്ലിക്കുട്ടി കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പാലിയേറ്റീവ് ഹോംകെയറിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

## നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

| | | | |
|---|---|---|---|
| March | 2 | - | Theology Course |
| | " | - | Jesus Youth programme |
| | 4 | - | Pastoral Council |
| | 6 - 8 | - | Pre-Marriage Course |
| | 9 | - | Jesus Youth programme |
| | " | - | Theology Course |
| | 10 | - | Catechism Seminar |
| | 16 | - | Theology Course |
| | 20 - 22 | - | Pre-Marriage Course |
| | 23 | - | Shalom Meeting |
| | " | - | Theology Course |

*Director*

## തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Adapoor Joseph | **March** | 19 |
| " | Arackal Joseph | " | 19 |
| " | Arackal Jose | " | 19 |
| " | Athickal Joseph | " | 19 |
| " | Chirapparambil Jose | " | 19 |
| " | Ezhumayil Joseph | " | 19 |
| " | Kadukamakal Joseph | " | 19 |
| " | Kanjirakombil Jose | " | 19 |

| | | | |
|---|---|---|---|
| Rev. Fr. | Kalapurackal Jose | ” | 19 |
| " | Kapiyarumalayil Joseph | ” | 19 |
| " | Kallarackal Joseph | ” | 19 |
| " | Kandathil Joseph | ” | 19 |
| " | Kandathinkara Joseph | ” | 19 |
| " | Keethappilly Joseph | ” | 19 |
| " | Kizhakel Jose | ” | 19 |
| " | Kochuparambil Joseph (Sr.) | ” | 19 |
| " | Kochuparambil Joseph (Jr.) | ” | 19 |
| " | Koikakudy Joseph | ” | 19 |
| " | Koikakudy Joseph Cherian | ” | 19 |
| " | Koithanath Joseph | ” | 19 |
| " | Koonanickal Jose | ” | 19 |
| " | Koonanickal Joseph | ” | 19 |
| " | Koottumkal Joseph | ” | 19 |
| " | Kottoor Joseph | ” | 19 |
| " | Kulathoor Jose | ” | 19 |
| " | Kunnumpurath Joseph | ” | 19 |
| " | Kuzhikanniyil Joseph | ” | 19 |
| " | Mackolil Joseph | ” | 19 |
| " | Mailadiathu Jose | ” | 19 |
| " | Monippilly Jose | ” | 19 |
| " | Moorkattil Jose | ” | 19 |
| " | Mulanjanany Joseph | ” | 19 |
| " | Mundackal Joseph (Jr.) | ” | 19 |
| " | Mundackal Joseph (Sr.) | ” | 19 |
| " | Mundunadayil Joseph | ” | 19 |
| " | Muttathuvalayil Joseph | ” | 19 |
| " | Nedumpuram Joseph | ” | 19 |
| " | Neerampuzha Jose | ” | 19 |
| " | Nellikunnel Joseph | ” | 19 |
| " | Niravath Joseph | ” | 19 |
| " | Njaloor Joseph | ” | 19 |
| " | Parayannilam Joseph | ” | 19 |
| " | Pinakkattu Joseph | ” | 19 |
| " | Ponneth Joseph | ” | 19 |
| " | Pothoor Jose | ” | 19 |
| " | Pulickal Joseph | ” | 19 |





| | | | |
|---|---|---|---|
| Rev. Fr. | Pulickal Joseph (Jr.) | ” | 19 |
| " | Pulloppillil Jose | ” | 19 |
| " | Pulparambil Jose | ” | 19 |
| " | Thanickal Joseph | ” | 19 |
| " | Vattakuzhy Joseph | ” | 19 |
| " | Velliyamthadathil Joseph | ” | 19 |
| " | Vengooran Jose | ” | 19 |
| " | Kolamkuzhiyil Joseph CMI | ” | 19 |
| " | Koodackatt Jose OFM Cap | ” | 19 |
| " | Pulickiyil Jose OFM Cap | ” | 19 |
| " | Mattathil Joseph CMF | ” | 19 |
| " | Kurisuthara Joseph CMF | ” | 19 |

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**ജനുവരി 2019**

22 • കുന്നോത്ത്, ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

23 • ആനിക്കാട്, സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വച്ച് മാനിക്കൽ ജെയിംസ്-പൗളി ദമ്പതികളുടെ നാലാമത്തെ കുട്ടിയായ തെരേസയ്ക്ക് പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു.

24 • തങ്കളം സെന്റ് ജോസഫ് നേഴ്സിംഗ് കോളേജിലെ ബിരുദദാന ചടങ്ങിൽ പങ്കെടുത്ത് സന്ദേശം നൽകി.

• FCC സന്യാസമൂഹാംഗമായ റവ. സി. ആൻസിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് വാഴപ്പിള്ളി മഠം കപ്പേളയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

• SMS സന്യാസസമൂഹാംഗമായ റവ. സി. റിയയുടെ മൃതശരീരത്തിങ്കൽ ഊന്നുകൽ, SMS പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

25 • രൂപതാപ്രാർത്ഥനാദിനത്തോടനുബന്ധിച്ച് മാറിക, സെന്റ് ജോസഫ് ഫൊറോന ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

26 • ഇടുക്കി രൂപത, പെരിഞ്ചാംകുട്ടി ഇടവകയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.

- കോതമംഗലം മൈനർ സെമിനാരിയിൽ കൂടിയ Benefactors-ന്റെ സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.
- മൂവാറ്റുപുഴ, നിർമ്മല കോളേജിൽ നടന്ന പൂർവ വിദ്യാർത്ഥികളുടെ സംഗമത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

27 • പെരിങ്ങാശ്ശേരി സെന്റ് ജോർജ്, ഉപ്പുകുന്ന് സെന്റ് അൽഫോൻസ ഇടവകകളിൽ അജപാലനസന്ദർശനം നടത്തി.

29 • കോതമംഗലം രൂപതാംഗമായ ഏഴാനിക്കാട്ട് ബഹു. മാത്യു അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് നെയ്യശ്ശേരി, സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

30 • SD സന്യാസസമൂഹാംഗമായ റവ. സി. എമിലിയുടെ മൃതശരീരത്തിങ്കൽ SD പ്രൊവിൻഷ്യൽ ഹൗസ് കപ്പേളയിൽ വച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

- പാലാരിവട്ടം POC-യിൽ നടന്ന മീറ്റിംഗിൽ പങ്കെടുത്തു.
- ആരക്കുഴ, സെന്റ് ജോസഫ് ഗേൾസ് ഹൈസ്കൂളിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിക്കുകയും തുടർന്ന് നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകുകയും ചെയ്തു.

31 • മൂവാറ്റുപുഴ, ഹോളിമാഗി ഫൊറോന ദൈവാലയത്തിൽവച്ച് അറമ്പൻകുടി ജോർജ് - ശ്വേത ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിയായ മാത്യുവിന് പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു.

- FCC സന്യാസസമൂഹാംഗമായ റവ. സി. ബർണാർദിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് വാഴപ്പിള്ളി മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**ഫെബ്രുവരി 2019**

02 • ഞാറക്കാട്, Love Home ൽ പുതിയതായി നിർമ്മിച്ച SMS കോൺവെന്റിലെ ചാപ്പലിന്റെ കൂദാശകർമ്മവും സന്ന്യാസഭവനത്തിന്റെ വെഞ്ചരിപ്പും നിർവഹിച്ചു.

- തൊടുപുഴ, തെനംകുന്ന് സിമിത്തേരി ചാപ്പലിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു.

03 • ഞാറക്കാട്, സെന്റ് ജോസഫ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

05 • പുതുതായി നിർമ്മിച്ച പഴമ്പിള്ളിച്ചാൽ, സെന്റ് മേരീസ് ദൈവാലയത്തിന്റെ കൂദാശ കർമ്മം നിർവഹിച്ചു.

06 • കോതമംഗലം രൂപതയുടെ പ്രഥമ മേലദ്ധ്യക്ഷൻ മാർ മാത്യു പോത്തനാംമൂഴി പിതാവിന്റെ മരണവാർഷികത്തോടനുബന്ധിച്ച്





കോതമംഗലം കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് പ്രാർത്ഥിച്ചു.

06-10 • കോതമംഗലം സെന്റ് ജോർജ് H.S. സ്കൂൾ ഗ്രൗണ്ടിൽ അണക്കര മരിയൻ റിട്രീറ്റ് സെന്റർ ഡയറക്ടർ റവ. ഫാ. ഡൊമിനിക് വാളന്മനാൽ അച്ചന്റെയും ടീം അംഗങ്ങളുടെയും നേതൃത്വത്തിൽ നടന്ന രൂപത കൺവൻഷനിൽ പങ്കെടുത്തു.

07 • വെട്ടിമറ്റം, മേരി റാണി CMC മഠത്തിന്റെ രജതജൂബിലിയോടനുബന്ധിച്ച് മഠം കപ്പേളയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

09 • കോതമംഗലം കത്തീഡ്രലിൽ നടന്ന SD സിസ്റ്റേഴ്സിന്റെ പ്രഥമ വ്രതവാഗ്ദാനകർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

10 • മൂവാറ്റുപുഴ, NESTT-ൽ നടന്ന സൺഡേസ്കൂൾ അദ്ധ്യാപകരുടെ കോഴ്സിൽ സന്ദേശം നൽകി.

11 • കോതമംഗലം, ക്രിസ്തുജ്യോതി സ്കൂളിൽ പുതിയതായി നിർമ്മിച്ച ചാപ്പലിന്റെ കൂദാശാകർമ്മവും ക്ലാസ്സ് മുറികളുടെ വെഞ്ചരിപ്പും നടത്തി.

12 • കോതമംഗലം, സാൻജോ ഭവൻ SABS മഠത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

- മൂവാറ്റുപുഴ, നിർമ്മല നേഴ്സിംഗ് കോളേജിലെ ബിരുദദാന ചടങ്ങിൽ പങ്കെടുത്ത് സന്ദേശം നൽകി.

12-13 • മംഗലപ്പുഴ സെമിനാരിയിൽ കമ്മീഷൻ അംഗങ്ങളോടൊപ്പം സന്ദർശനം നടത്തി.

14 • നെടിയകാട്, ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ വച്ച് വീട്ടിയ്ക്കൽ തോംസൺ- സീന ദമ്പതികളുടെ മക്കളായ അബ്രാഹത്തിനും അഗസ്റ്റിനും പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു.

17 • മൂവാറ്റുപുഴ, NESTT-ൽ നടന്ന സൺഡേ സ്കൂൾ അദ്ധ്യാപകരുടെ കോഴ്സിൽ സന്ദേശം നൽകി.

18 • ആരക്കുഴ, നടുവിലേടത്ത് വർക്കി ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

- കാക്കനാട്, മൗണ്ട് സെന്റ് തോമസിൽ നടന്ന മീറ്റിംഗിൽ പങ്കെടുത്തു.

19 • മൂവാറ്റുപുഴ, NESTT-ൽ കൂടിയ വൈദികസമ്മേളനത്തിൽ പങ്കെടുത്തു.

- വാഴക്കാല, കരുണാഭവനിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

## BISHOP'S *Engagements*

### March 2019

| | | | | |
|---|---|---|---|---|
| 01 | Fri | Holy Qurbana | Vimala Bhavan Hostel, Kothamangalam | 06.15 am |
| 03 | Sun | Pastoral Visit | Neyyassery | |
| 04 | Mon | Pastoral Council | NESTT | 10.30 am |
| 07 | Thu | Meeting | NESTT | 10.00 am |
| 08 | Fri | മലേക്കുരിശ് തീർത്ഥാടനം | | |
| 09 | Sat | Meeting | Jeeva Milk, Pareekanny | 10.30 am |
| 10 | Sun | Pastoral Visit | Pareekanny | |
| 14 | Thu | Holy Qurbana | S.H. Hospital, Pynkulam | 09.30 am |
| 15 | Fri | Holy Qurbana | Vadakkummury | 04.00 pm |
| 17 | Sun | Pastoral Visit | Malayinchi | |
| 19 | Tue | Holy Qurbana | Sanjo Bhavan, Muthalakodam | 6.30 am |
| | | Blessing | Hostel, Karukadam | 10.30 am |
| 20 | Wed | Holy Qurbana | CMC, Muvattupuzha | 06.30 am |
| 21 | Thu | Holy Qurbana | Karimannoor | 10.00 am |
| 22 | Fri | Eparchial Prayer Day | Mailacomb | |
| | | Meeting | SABS Provincial House Thodupuzha | 05.30 pm |
| 23 | Sat | Meeting | Oonnukal | 10.00 am |
| 24 | Sun | Pastoral Visit | Pazhampillichal, Nazarethvalley | |
| 27 | Wed | Baptism | Punnamattam | 09.30 am |
| 30 | Sat | Meeting | NESTT | 10.00 am |
| 31 | Sun | Pastoral Visit | Inchathotty | |





## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. പോൾ തരണിയിൽ (Jr) | ചരമദിനം | 02-04-2010 |
| ഫാ. ആന്റണി പുതുശ്ശേരി | ” | 04-04-2014 |
| ഫാ. ജോസ് കുരീത്തടം | ” | 06-04-1973 |
| ഫാ. അഗസ്റ്റിൻ നടുവിലേമാക്കൽ | ” | 11-04-2003 |
| ഫാ. ജോർജ് കൊച്ചുപറമ്പിൽ (Jr) | ” | 13-04-1980 |
| ഫാ. സെബാസ്റ്റ്യൻ കല്ലുങ്കൽ | ” | 15-04-2016 |
| ഫാ. സെബാസ്റ്റ്യൻ തെക്കേക്കുന്നേൽ | ” | 17-04-1965 |
| ഫാ. തോമസ് പീച്ചാട്ട് | ” | 17-04-1985 |
| ഫാ. ജോസഫ് കാവുംപുറം | ” | 20-04-2016 |
| ഫാ. തോമസ് കരിങ്ങാട്ടിൽ | ” | 22-04-2010 |
| ഫാ. ജെയിംസ് പാറത്തലയ്ക്കൽ | ” | 25-04-1969 |
| ഫാ. മാത്യു വലിയമറ്റം | ” | 25-04-2016 |
| മോൺ. തോമസ് നെടുങ്കല്ലേൽ | ” | 27-04-1991 |
| ഫാ. തോമസ് ചെട്ടിപ്പറമ്പിൽ | ” | 28-04-2010 |
| ഫാ. ഫ്രാൻസിസ് കൊച്ചുപുര | ” | 29-04-2001 |

## നിര്യാതരായി

### റവ. സി. ജെയിംസ് SABS (മേക്കുന്നേൽ)

| | | |
|---|---|---|
| ഇടവക | - | പാറപ്പുഴ |
| ജനനം | - | 15-12-1928 |
| ആദ്യവ്രതം | - | 12-04-1956 |
| നിത്യവ്രതം | - | 15-04-1959 |
| മരണം | - | 03-12-2018 |
| മൃതസംസ്കാരം | - | 04-12-2018 (മാറിക) |

## റവ. സി. എമിലി SD (കളപ്പറമ്പത്ത്)

| | | |
|---|---|---|
| ഇടവക | - | നീണ്ടൂർ, നോർത്ത് പറവൂർ |
| ജനനം | - | 19-03-1928 |
| ആദ്യവ്രതം | - | 01-07-1950 |
| നിത്യവ്രതം | - | 05-01-1953 |
| മരണം | - | 28-01-2019 |
| മൃതസംസ്കാരം | - | 30-01-2019 (കോഴിപ്പിള്ളി) |

## റവ. സി. ബർണാർദ് FCC (കാക്കനൊട്ട്)

| | | |
|---|---|---|
| ഇടവക | - | ആയവന |
| ജനനം | - | 16-02-1925 |
| ആദ്യവ്രതം | - | 08-05-1958 |
| നിത്യവ്രതം | - | 08-05-1961 |
| മരണം | - | 30-01-2019 |
| മൃതസംസ്കാരം | - | 31-01-2019 (ഈസ്റ്റ് വാഴപ്പിള്ളി) |

## റവ. സി. ളൂയീസ SABS (കാരിതടത്തിൽ)

| | | |
|---|---|---|
| ഇടവക | - | നെയ്യശ്ശേരി |
| ജനനം | - | 25-01-1941 |
| ആദ്യവ്രതം | - | 24-04-1965 |
| നിത്യവ്രതം | - | 24-05-1969 |
| മരണം | - | 31-01-2019 |
| മൃതസംസ്കാരം | - | 02-02-2019 (മാറിക) |





## Statement about ownership and other particulars about the magazine "DEIVARAJYAM" (Malayalam)

### (Form IV See Rule 8)

| | | | |
|---|---|---|---|
| 1 | Place of publication | : | Kothamanagalam - 686 691 |
| 2 | Periodicity of its publication | : | Monthly |
| 3 | Printer's Name | : | Rev. Dr. George Thekkekara |
| | Nationality | : | Indian |
| | Address | : | Bishop's House<br>Kothamangalam-686 691 |
| 4 | Publisher's Name etc. | : | As in 3 |
| 5 | Editor's Name etc. | : | As in 3 |
| 6 | Name and address of individuals who own the Newspaper & partners or Shareholders holding more than one percent of the total capital. | : | Diocese of Kothamangalam |

I, Dr. George Thekkekara, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Rev. Dr. George Thekkekara

Date : 01-03-2019 (Publisher)